ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 06.09.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യ പുരോഗതിക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ഗവേഷണം, വ്യക്തിത്വ വികസനം എന്നിവ അനിവാര്യമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ.

   **Vice President C. P. Radhakrishnan has said that quality education, research and personality development are essential for the progress of the nation.**

2. 2029-ഓടെ ഇന്ത്യയെ ലഹരി മുക്തമാക്കുന്നതിനുള്ള കർമ്മരേഖ പ്രഖ്യാപിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Union Home Minister Amit Shah has announced a roadmap to make India drug-free by 2029.**

3. പുതിയ ലോക ഭൂപടം സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ പ്രമേയത്തെ പിന്തുണച്ച് ഇന്ത്യ.

   **India backs UN resolution on equal-area world map .**

4. ന്യൂഡൽഹിയിൽ അഞ്ച്നില കെട്ടിടം തകർന്നുവീണുണ്ടായ അപകടത്തിൽ ഒരു മരണം. രണ്ട് പേരുടെ നിലഗുരുതരം. രക്ഷാപ്രവർത്തനം ഊർജിതം.

   **One person has died and two others are in critical condition after a four-storey building collapsed in New Delhi. Rescue operations are in full swing.**

5. ഉത്തരേന്ത്യയിൽ മഴ ശക്തം. ബീഹാറിലും ഉത്തർപ്രദേശിലും വെള്ളപ്പൊക്ക സ്ഥിതി രൂക്ഷമാകുന്നു. കേരളത്തിൽ ചൊവ്വാഴ്ച വരെ, താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

**Heavy rains continue to batter northern India, with the flood situation worsening in Bihar and Uttar Pradesh. IMD has forecast a rise in temperature in Kerala until Tuesday.**

6. ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസ് കിരീടം സ്വന്തമാക്കി ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യം.

**India's Satwiksairaj Rankireddy - Chirag Shetty duo has won the men's doubles title at the China Masters Badminton tournament.**

**&&&&&&&&&&&&&&&&&&&&**

## VP-GOLDEN JUBILEE- INTRO

രാജ്യ പുരോഗതിക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ഗവേഷണം, വ്യക്തിത്വ വികസനം എന്നിവ അനിവാര്യമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികളെ തൊഴിലിനായി മാത്രം സജ്ജരാക്കാതെ സമൂഹത്തിന് ഉപകാരപ്രദമായ ഉത്തരവാദിത്വമുള്ള പൗരന്മാരായി വളർത്താനും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഗുവാഹട്ടിയിലെ ഗീതാനഗർ കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

2047-ഓടെ 'വികസിത ഭാരതം ' കൈവരിക്കുകയെന്ന പ്രധാനമന്ത്രിയുടെ കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കാൻ വടക്കുകിഴക്കൻ മേഖല ഉൾപ്പെടെയുള്ള എല്ലാ

സംസ്ഥാനങ്ങളുടെയും സമഗ്ര വികസനം അത്യാവശ്യമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&

## RAJNATH-SRI LANKA VISIT

രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഈ മാസം 8 മുതൽ 10 വരെ ശ്രീലങ്കയിൽ ഔദ്യോഗിക സന്ദർശനം നടത്തും. സന്ദർശന വേളയിൽ ശ്രീ സിംഗ് ശ്രീലങ്കൻ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തുകയും കൊളംബോയിലെ ഇന്ത്യൻ പ്രവാസികളുമായി സംവദിക്കുകയും ചെയ്യുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു. ശക്തമായ സമുദ്ര, പ്രതിരോധ പങ്കാളിത്തം ഉൾപ്പെടെ ഇരു രാജ്യങ്ങളും തമ്മിലുള്ള പരമ്പരാഗതമായ ഉഭയകക്ഷി ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## SHAH GOA VISIT- INTRO

2029-ഓടെ ഇന്ത്യയെ ലഹരി മുക്തമാക്കുന്നതിനുള്ള കർമ്മരേഖ പ്രഖ്യാപിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇൻറലിജൻസ് അധിഷ്ഠിത നടപടികൾ, കൃത്രിമ ലഹരിവസ്തുക്കളുടെ നിയന്ത്രണം, തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ രേഖ തയ്യാറാക്കിയതെന്ന് അമിത് ഷാ ഗോവയിലെ പനജിയിൽ പറഞ്ഞു. ലഹരിക്കെതിരായ ബോധവൽക്കരണത്തിന് ഒരു ലക്ഷം 'നശാ മുക്ത് മിത്ര'ങ്ങളെ സജ്ജമാക്കുമെന്നും ലഹരിവിമുക്ത കേന്ദ്രങ്ങളുടെ എണ്ണം 1,751 ആയി ഉയർത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&&

## EXTERNAL AFFAIRS MINISTRY

ലോകത്തെ ഭൂഖണ്ഡങ്ങളുടെ യഥാർത്ഥ വിസ്തൃതി കൂടുതൽ വ്യക്തതയോടെയും ആനുപാതികമായും അടയാളപ്പെടുത്തുന്ന പുതിയ ലോക ഭൂപടം സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ പ്രമേയത്തെ ഇന്ത്യ പിന്തുണച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡമടക്കമുള്ള വിവിധ പ്രദേശങ്ങളുടെ യഥാർത്ഥ വിസ്തൃതി വ്യക്തമാക്കുന്ന "കറക്റ്റ് ദി മാപ്പ്." പ്രമേയത്തിന് അനുകൂലമായാണ് ഇന്ത്യ വോട്ട് ചെയ്തതെന്ന് മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വ്യക്തമാക്കി. എന്നാൽ ജമ്മു കശ്മീരും ലഡാക്കും ഉൾപ്പെടുന്ന ഇന്ത്യയുടെ പരമാധികാര പ്രദേശങ്ങൾ രാജ്യത്തിന്റെ ഔദ്യോഗിക ഭൂപടത്തിന് അനുസൃതമായി മാത്രമേ ചിത്രീകരിക്കാവൂ എന്നും ശ്രീ ജയ്സ്വാൾ കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&&&

## DELHI BUILDING COLLAPSE

ന്യൂഡൽഹിയിലെ സത്യ നികേതൻ പ്രദേശത്ത് അഞ്ച്നില കെട്ടിടം തകർന്നുവീണുണ്ടായ അപകടത്തിൽ ഒരു മരണം. രണ്ട് പേരുടെ നിലഗുരുതരം. ആറ്പേരെ രക്ഷപ്പെടുത്തിയതായി പോലീസ് അറിയിച്ചു. രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ഡൽഹി ലെഫ്റ്റനൻറ് ഗവർണർ തരൺജിത് സിംഗ് സന്ധു ബന്ധപ്പെട്ട എല്ലാ ഏജൻസികളോടും നിർദ്ദേശിച്ചു. സ്ഥലത്ത് ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾക്കായി 18 അഗ്നി രക്ഷാ യൂണിറ്റുകൾ വിന്യസിച്ചിട്ടുണ്ടെന്ന് ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## SWATCHATHA HI SEVA

സ്വച്ഛതാ ഹി സേവയെ യഥാർത്ഥ ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്ന് കേന്ദ്ര ഭവന-നഗരകാര്യ മന്ത്രി മനോഹർ ലാൽ. സ്വച്ഛതാ ഹി സേവ പ്രചാരണത്തിന്റെ ഒൻപതാം പതിപ്പിലേക്ക് രാജ്യം കടക്കുമ്പോൾ, ശുചിത്വമുള്ളതും ആരോഗ്യകരവുമായ ഭാരതത്തിനായുള്ള പ്രതിജ്ഞാബദ്ധത ആവർത്തിക്കുകയാണെന്ന് അദ്ദേഹം സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&

## MANIPUR SIR

മണിപ്പൂരിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന് ശേഷം പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ സ്ത്രീ വോട്ടർമാരുടെ എണ്ണത്തിൽ വൻ വർദ്ധന. സംസ്ഥാനത്തെ ആകെയുള്ള 19 ലക്ഷത്തി 60,620 വോട്ടർമാരിൽ 10ലക്ഷത്തിൽ പരം പേർ സ്ത്രീകളാണ്. മണിപ്പൂരിലെ സ്ത്രീ-പുരുഷ അനുപാതം 1,056 ആയി ഉയർന്നതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അരുൺ കുമാർ സിൻഹ അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## DELHI BRICS PREPARATION-INTRO

ഈ മാസം 12, 13 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന 2026 ബ്രിക്സ് ഉച്ചകോടിക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

വിശദാംശങ്ങളിലേയ്ക്ക്...

(വോയിസ്)

## DELHI BRICS PREPARATION- VOICE

സുരക്ഷാ ഒരുക്കങ്ങളുടെ ഭാഗമായി ഡൽഹി പോലീസ് ഇന്ന് രാവിലെ ദേശീയ തലസ്ഥാനത്ത് മോട്ടോർ കാർക്കേഡ് റിഹേഴ്സലുകൾ നടത്തുകയും സുരക്ഷാ ക്രമീകരണങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു. റിഹേഴ്സലുകൾ കണക്കിലെടുത്ത് നഗരത്തിലെ 22 സ്ഥലങ്ങളിൽ ഗതാഗതം നിയന്ത്രണം ഏർപ്പെടുത്തി. 18-ാമത് ബ്രിക്സ് ഉച്ചകോടി ബ്രിക്സ് അംഗ-പങ്കാളി രാജ്യങ്ങളിലെ നേതാക്കളെയും, ഔട്ട്റീച്ച് രാജ്യങ്ങളെയും, അന്താരാഷ്ട്ര സംഘടനകളുടെ തലവന്മാരെയും ഒരുമിച്ച് കൊണ്ടുവരും. ബ്രിക്സ് ഉച്ചകോടിയോട് അനുബന്ധിച്ച് പ്രഥമ ഐ-ബ്രിക്സ് ഉച്ചകോടി സംഘടിപ്പിക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&&&&&&&

## HEAT WAVE

കേരളത്തിൽ ചൂട് വീണ്ടും വർധിക്കുന്നു. സെപ്റ്റംബറിൽ സാധാരണയിലധികം ചൂടിനു കാരണമാകുന്നത് എൽനിനോ പ്രതിഭാസമാണെന്നു പഠനങ്ങൾ പറയുന്നു. ചൊവ്വാഴ്ച വരെ, 4 ഡിഗ്രി സെൽഷ്യസ് അധികമായി താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ചൂട് വർധിക്കുന്നത് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാവുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നു സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&&&

## IMD - WEATHER

കനത്ത മഴയെ തുടർന്ന് ബീഹാറിലും ഉത്തർപ്രദേശിലും വെള്ളപ്പൊക്ക സ്ഥിതി കൂടുതൽ വഷളായി. ഹരിയാന,

ചണ്ഡീഗഢ്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി . ഡൽഹിയിലും മഴ തുടരുമെന്നാണ് മുന്നറിയിപ്പ്. ബിഹാർ, ഉത്തരാഖണ്ഡ്, മധ്യപ്രദേശ്, പശ്ചിമ ബംഗാൾ, വടക്കുകിഴക്കൻ ഇന്ത്യയുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ നാളെ വരെ സമാനമായ കാലാവസ്ഥയായിരിക്കും. ജമ്മു-കാശ്മീർ, ജാർഖണ്ഡ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നാളെ വരെ ഇടിമിന്നലിനും സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&&&&&

## BADMINTON

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ ഡബിൾസ് കിരീടം ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി–ചിരാഗ് ഷെട്ടി സഖ്യത്തിന്. ഫൈനലിൽ ചൈനീസ് സഖ്യത്തെയാണ് ഇന്ത്യൻ താരങ്ങൾ പരാജയപ്പെടുത്തിയത്. ഇതോടെ ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ ഇന്ത്യയുടെ ആദ്യ കിരീടം എന്ന നേട്ടവും സാത്വിക്–ചിരാഗ് സഖ്യം സ്വന്തമാക്കി.

&&&&&&&&&&&&&&&&&&&&

## US-IRAN CONFLICT

ഹോർമുസ് കടലിടുക്കിലും പരിസര പ്രദേശങ്ങളിലും യുഎസ്-ഇറാൻ സംഘർഷം വീണ്ടും രൂക്ഷമായി. കപ്പലുകൾക്ക് നേരെ ഇരുപക്ഷവും ആക്രമണം നടത്തി. ഇന്നലെ മൂന്ന് ഇറാനിയൻ എണ്ണ ടാങ്കറുകൾ തടഞ്ഞതായി യുഎസ് സെൻട്രൽ കോം അറിയിച്ചു. അതിനിടെ ഹോർമുസ് കടലിടുക്കിന്റെ സംരക്ഷിത പ്രദേശത്തേക്ക് കടക്കാൻ ശ്രമിച്ച യുഎസ് കപ്പൽ തങ്ങളുടെ നാവികസേന ആക്രമിച്ചതായി ഇറാനും അവകാശപ്പെട്ടു.

സംഘർഷത്തെ തുടർന്ന് അന്താരാഷ്ട്ര വിപണിയിൽ എണ്ണവില കുതിച്ചുയർന്നു.

&&&&&&&&&&&&&&&&&&&&

## GST- C M KERALA

ചരക്ക് സേവന നികുതി രണ്ടാം തലമുറ പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിനു നാളെ തിരുവനന്തപുരത്തു തുടക്കമാകും. ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ സയൻസ് റിസർച്ചിന്റെ സഹകരണത്തോടെ തിരുവനന്തപുരം ഗിഫ്റ്റ് കാമ്പസിലാണ് സെമിനാർ നടക്കുന്നത്. മറ്റന്നാൾ മുഖ്യമന്ത്രി വി ഡി സതീശൻ സെമിനാർ ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&

## TRS- SURESH GOPI

തൃശൂർ കയ്പമംഗലം അപകടത്തിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയുമായി ചർച്ച നടത്തി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. രാത്രികാലങ്ങളിൽ പോലീസിന്റെ നേതൃത്വത്തിൽ റോഡുകളിൽ പ്രത്യേക പട്രോളിങ് നടത്തുമെന്ന് ആഭ്യന്തര മന്ത്രി ഉറപ്പുനൽകിയതായി കേന്ദ്ര സഹമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ ദേശീയ പാത അതോറിറ്റിയുമായും ചർച്ച നടത്തി. സ്ഥലത്തു കൃത്യമായ ബോർഡുകൾ സ്ഥാപിച്ചിരുന്നില്ലെന്നും സുരക്ഷാ മുന്നൊരുക്കങ്ങൾ കൃത്യമായി പാലിച്ചില്ലെന്നും ശ്രീ സുരേഷ് ഗോപി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## SHRC

അപകടത്തിന്റെ കാരണങ്ങളെക്കുറിച്ച് സമഗ്ര അന്വേഷണം വേണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദേശീയപാതാ അതോറിറ്റി പാലക്കാട് പ്രോജക്റ്റ് ഡയറക്ടറും തൃശൂർ ആർ റ്റി ഒ യും രണ്ടാഴ്ചയ്ക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അംഗം വി. ഗീത ആവശ്യപ്പെട്ടു. ചരക്കുലോറികളുടെ അനധികൃത പാർക്കിംഗും ദേശീയപാതാ അതോറിറ്റി കൃത്യമായ സൂചനാ ബോർഡുകൾ സ്ഥാപിക്കാത്തതുമാണ് അപകട കാരണമെന്ന ആരോപണം പ്രത്യേകം അന്വേഷിക്കണമെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&&&

## LUXEMBOURG DEPUTY PM- INDIA VISIT

ലക്സംബർഗ് ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ സേവ്യർ ബെറ്റൽ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി നാളെ ഇന്ത്യയിലെത്തും. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഐഐടി മദ്രാസിലെ പരിപാടികളിലും ലക്സംബർഗ് ഉപപ്രധാനമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&

&&&